"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം - മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.947/2024/TAXES തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-
1. സ.ഉ(പി) 3/17/ഉ.ഭ.പ.വ തീയതി 05.02.2017
2. എക്സൈസ് കമ്മീഷണറുടെ 02.07.2024 തീയതിയിലെ എച്ച്.ക്യൂ/2/2024/എക്സൈസ് നമ്പർ പരിപത്രം
3. എക്സൈസ് കമ്മീഷണറുടെ 05.07.2024 തീയതിയിലെ ഇ.എക്സ്.സി/3556/2024/എക്സ്.ഡി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ നിയമനം/ സ്ഥലം മാറ്റം എന്നിവ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.എന്നാൽ എക്സൈസ് വകുപ്പിലെ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 10 ൽ എക്സൈസ് കമ്മീഷണർ ഓഫീസ്, അഡീഷണൽ എക്സൈസ് കമ്മീഷണർ ഓഫീസുകൾ,ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസുകൾ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസ്,കെ.എസ്.ബി.സി ആസ്ഥാനം, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസ്, കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (ഇ.ഐ & ഐ.ബി) എന്നീ ഓഫീസുകൾ പ്രത്യേക യൂണിറ്റായി തിരിച്ച് ടി ഓഫീസുകളിലെ സേവനകാലയളവ് കുറഞ്ഞത് മൂന്ന് വർഷമായി ചട്ടം 10 ൽ നിജപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ബോർഡ് യൂണിറ്റുകളിലെ സേവനകാലയളവ് മൂന്ന് വർഷമായി പുനർനിശ്ചയിച്ച് നൽകണമെന്നും എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്പെഷ്യൽ യൂണിറ്റുകളായ എക്സൈസ്

കമ്മീഷണർ ഓഫീസ്, അഡീഷണൽ എക്സൈസ് കമ്മീഷണർ ഓഫീസുകൾ, ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസുകൾ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസ്,കെ.എസ്.ബി.സി ആസ്ഥാനം, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസ്,കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (ഇ.ഐ & ഐ.ബി) എന്നീ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ/വനിതാ സിവിൽ എക്സൈസ് ഓഫീസർ, എക്സൈസ് ഡ്രൈവർ എന്നിവരുടെ സേവനകാലയളവ് 3 വർഷമാക്കി നിജപ്പെടുത്തി പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ(എ & ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
3. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reese. V. A**
**Date: 28-10-2024 09:57:26**

സെക്ഷൻ ഓഫീസർ